ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.06.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യ–ഇന്തോനേഷ്യ ഉഭയകക്ഷി ബന്ധം സമീപകാലങ്ങളിൽ കൂടുതൽ ശക്തിയാർജിച്ചതായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

2. ചലച്ചിത്ര നടൻ സലിം കുമാറിന് കേരളത്തിൻറെ യാത്രാമൊഴി. അനുശോചിച്ച് പ്രധാനമന്ത്രി, മുഖ്യമന്ത്രിയടക്കമുള്ള പ്രമുഖർ.

3. സംസ്ഥാനത്ത് ആലപ്പുഴയിലും, പത്തനംതിട്ടയിലും കോഴിക്കോടും ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തതായി ആരോഗ്യമന്ത്രി കെ മുരളീധരൻ; പരിശോധന കർശനമാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിർദ്ദേശം.

4. സി.ബി.എസ്.ഇ 12-ാം ക്ലാസ് പരീക്ഷ പേപ്പറുകളുടെ പുനഃ പരിശോധനയ്ക്ക് അപേക്ഷിക്കാൻ അവസരം ഇന്ന് അർധരാത്രി വരെ.

5. സംസ്ഥാനത്ത് ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ വ്യാപക മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത, കേരളം, കർണാടക,

RNU TVPM

ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസിൽ ഇന്ന് കലാശപോരാട്ടം.

**&&&&&&&&&&&&&&&&**

## ഇന്ത്യ- ഇൻഡോനേഷ്യ യോഗം

ഇന്ത്യ–ഇന്തോനേഷ്യ സംയുക്ത കമ്മീഷന്റെ എട്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടന്നു. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും ഇന്തോനേഷ്യൻ വിദേശകാര്യ മന്ത്രി സുഗിയോണോയും സംയുക്തമായി യോഗത്തിന് അധ്യക്ഷത വഹിച്ചു. സമീപ വർഷങ്ങളിൽ ഇന്ത്യ–ഇന്തോനേഷ്യ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തമായ വളർച്ച കൈവരിച്ചതായി ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. രാഷ്ട്രീയം, പ്രതിരോധം, സുരക്ഷ, സമുദ്ര-ഷിപ്പിംഗ്, വ്യാപാരം, ഫിൻടെക്, ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരിക സഹകരണം തുടങ്ങിയ മേഖലകളിൽ വിശദമായ ചർച്ചകൾ നടന്നതായി അദ്ദേഹം വ്യക്തമാക്കി.

RNU TVPM

**&&&&&&&&&&&&&&&&**

## സലിംകുമാർ- ചടങ്ങ്

പ്രിയ നടൻ സലിം കുമാറിന് കേരളം വിടയേകി. വൈകിട്ട് മൂന്നരയോടെ എറണാകുളം പറവൂരിലെ വീട്ടുവളപ്പിലാണ് ഭൗതികശരീരം സംസ്കരിച്ചത്. മുഖ്യമന്ത്രി വി.ഡി. സതീശൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, സിനിമ, സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ്, എം.പിമാരായ ഹൈബി ഈഡൻ, കെ.സി. വേണുഗോപാൽ, സിനിമ മേഖലയിലെ സഹപ്രവർത്തകർ തുടങ്ങി ഒട്ടേറെ പേരുടെ സാന്നിധ്യത്തിലാണ്

സംസ്കാര ചടങ്ങുകൾ നടത്തിയത്. ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാര ചടങ്ങുകൾ. പറവൂർ ടൗൺഹാളിലും തുടർന്ന് സ്വന്തം വസതിയിലും ഭൗതിക ദേഹം പൊതുദർശനത്തിനായി വെച്ചപ്പോൾ ആയിരക്കണക്കിനാളുകൾ അന്ത്യോപചാരം അർപ്പിക്കാനായി എത്തി.

&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി -അനുശോചനം</u>

നടൻ സലിം കുമാറിൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. വൈവിധ്യമാർന്ന അഭിനയശൈലിയിലൂടെയും അനശ്വരമായ കഥാപാത്രങ്ങളിലൂടെയും തൻറേതായ വ്യക്തിമുദ്ര പതിപ്പിച്ച കലാകാരനായിരുന്നു സലിം കുമാറെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. സലിം കുമാറിൻറെ കുടുംബാംഗങ്ങളുടെയും അദ്ദേഹത്തെ സ്നേഹിച്ച അനേകം ആരാധകരുടെയും ഒപ്പമാണ് തൻറെ ചിന്തകളെന്നും ശ്രീ മോദി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി (ഇൻട്രോ)</u>

തൻറെ രാഷ്ട്രീയ ബോധ്യത്തിൽ ഒട്ടും വെള്ളം ചേർക്കാത്ത ഒരാളായിരുന്നു അന്തരിച്ച നടൻ സലിം കുമാറെന്ന് മുഖ്യമന്ത്രി വിഡി സതീശൻ . സംഘർഷഭരിതമായ ഏത് സാഹചര്യത്തിലും മലയാളിയെ സാധാരണ നിലയിലേക്ക് എത്തിക്കാനുതകുന്ന നർമ്മബോധം അദ്ദേഹത്തിന് ഉണ്ടായിരുന്നു എന്നും മുഖ്യമന്ത്രി അനുസ്മരിച്ചു

(വോയിസ് )

&&&&&&&&&&&&&&&&

**ഷിഗെല്ല: ആരോഗ്യമന്ത്രി**

സംസ്ഥാനത്ത് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പരിശോധന കർശനമാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. ആലപ്പുഴ, ആറന്മുള ഭാഗത്ത് 123 പേർക്ക് രോഗം വന്നതായാണ് റിപ്പോർട്ട്. കോഴിക്കോട്ട് മൂന്ന് കുട്ടികൾക്കും രോഗം ബാധിച്ചു. ഈ സാഹചര്യത്തിൽ ഹോട്ടലുകളിലും തട്ടുകടകളിലും പരിശോധന കർശനമാക്കുമെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഹോട്ടലുകൾ പ്രത്യേകിച്ച് വൃത്തിഹീനമായ തട്ടുകടകൾ ഒരു കാരണവശാലും പ്രവർത്തിക്കാൻ അനുവദിക്കില്ല. വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ സാമ്പിൾ, വെള്ളം എന്നിവ പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഒരു മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ടുപോകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&

**വയനാട്- ഷിഗെ ല്ല**

വയനാട് ജില്ലയിൽ വിദ്യാർത്ഥികൾക്കിടയിൽ ഷിഗെല്ല രോഗം സ്ഥിരീകരിച്ചതായി ചില മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാന രഹിതമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.ടി. രേഖ അറിയിച്ചു. ശാസ്ത്രീയ പരിശോധനകൾ പുരോഗമിക്കുകയാണെന്നും പരിശോധനാ ഫലങ്ങൾ വരാതെ ഇത്തരം തെറ്റായ വാർത്തകൾ പ്രചരിപ്പിക്കരുതെന്നും അവർ വ്യക്തമാക്കി.

&&&&&&&&&&&&&&&&

**ഭക്ഷ്യവിഷ ബാധ-മ ന്ത്രി**

RNUTVPM

വയനാട്ടിൽ ഭക്ഷ്യ വിഷബാധയെ തുടർന്ന് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കോളിയാടി മാർ ബസേലിയോസ് എ.യു.പി സ്കൂളിലെ വിദ്യാർത്ഥികളെ കൃഷി വകുപ്പ് മന്ത്രി ടി സിദ്ധിഖ് സന്ദർശിച്ചു. ആശുപത്രി വിട്ട കുട്ടികൾ വീണ്ടും തിരികെ ആശുപത്രിയിൽ എത്തിയ സാഹചര്യത്തിൽ ഡിസ്ചാർജ് ചെയ്യപ്പെടുന്ന മുഴുവൻ കുട്ടികളെയും നിരീക്ഷിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് മന്ത്രി നിർദ്ദേശം നൽകി. മരുന്നുകളുടെ ലഭ്യത പൂർണമാണെന്ന് മന്ത്രി ഉറപ്പാക്കി.

&&&&&&&&&&&&&&&&

<u>സി ബി എസ് ഇ</u>

CBSE 12 -ാംം ക്ളാസ് പരീക്ഷ പേപ്പറുകളുടെ പുനഃ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസരം ഇന്ന് അവസാനിക്കും. ഇന്ന് അർധരാത്രി വരെ അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ തുറന്നിരിക്കുമെന്നു CBSE സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

&&&&&&&&&&&&&&&&

<u>മഴ-മുന്നറിയിപ്പ്</u>

സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു. ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## ദുരന്ത നിവാരണ അതോറിറ്റി (ഇൻട്രോ)

സംസ്ഥാനത്ത് മഴ ശക്തമാകുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രത നിർദേശം നിർദ്ദേശം പുറപ്പെടുവിച്ചു.

വിശദാംശങ്ങളിലേക്ക്.....

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

## ദുരന്ത നിവാരണ അതോറിറ്റി(വോയ്സ്)

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലും നദീ തീരങ്ങളിലും താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണം. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിലും മേൽക്കൂര ശക്തമല്ലാത്ത വീടുകളിലും താമസിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ശക്തമായി മഴയുള്ളപ്പോൾ നദികളിലോ മറ്റ് ജലാശയങ്ങളിലോ, കുളിക്കാനോ, മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങരുതെന്നും നിർദ്ദേശമുണ്ട്. അറ്റകുറ്റപ്പണികൾ നടക്കുന്ന റോഡുകളിലും ജാഗ്രത പാലിക്കുക. ജലാശയങ്ങൾ കരകവിഞ്ഞ് ഒഴുകുന്നയിടങ്ങളിൽ വാഹനം ഓടിക്കാൻ ശ്രമിക്കരുത്. സ്വകാര്യ - പൊതു ഇടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/ പോസ്റ്റുകൾ/ ബോർഡുകൾ തുടങ്ങിയവ മാറ്റി സുരക്ഷിതമാക്കണം. അപകടാവസ്ഥകൾ എത്രയും വേഗം അധികൃതരുടെ ശ്രദ്ധയിൽ പെടുത്തണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

RNU TVPM

ന്യൂസ്ഡെസ്ക്, ആകാശവാണി....

**&&&&&&&&&&&&&&&&**

**<u>പത്തനംതിട്ട -മേൽക്കൂര</u>**

പത്തനംതിട്ട തണ്ണിത്തോട്ടിൽ ശക്തമായി വീശിയടിച്ച കാറ്റിൽ സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര പറന്നുപോയി. തണ്ണിത്തോട് സെന്റ് ബെനഡിക്ട്സ് ഹൈസ്കൂളിലാണ് ഉച്ചയ്ക്ക് 12 മണിയോടെ അപകടം ഉണ്ടായത്. ശക്തമായ കാറ്റിൽ കെട്ടിടത്തിന്റെ മുകൾഭാഗത്തെ ഷീറ്റുകൾ പാടേ ഇളകി ദൂരേക്ക് തെറിച്ചുപോവുകയായിരുന്നു.

**&&&&&&&&&&&&&&&&**

**<u>മഴ-കണ്ണൂർ (ഇൻട്രോ)</u>**

കണ്ണൂരിൽ രാവിലെ കനത്ത മഴ ലഭിച്ചു.ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത ആണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാപ്രതിനിധി കെ ഒ ശശിധരൻ..**

(വോയിസ്)

**&&&&&&&&&&&&&&&&**

**<u>ഇടുക്കി- രാത്രി യാത്ര</u>**

ഇടുക്കി ജില്ലയിലെ മലയോര മേഖലകളിൽ രാത്രി യാത്രയ്ക്ക് നിരോധനമേർപ്പെടുത്തി ജില്ലാ കളക്ടർ. ശക്തമായ മഴ പെയ്യുന്നതിനാലും മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ സാധ്യത നിലനിൽക്കുന്നതിനാലും ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനാണ് നടപടി. രാത്രി 7 മണി മുതൽ രാവിലെ 6 മണി വരെയാണ് നിരോധനം.

RNU TVPM

&&&&&&&&&&&&&&&&

<u>ഫ്രഞ്ച് ഓപ്പൺ</u>

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്. പ്രാദേശിക സമയം 3 മണിക്കാണ് മത്സരം.ജർമനിയുടെ അലക്സാണ്ടർ സ്വേരേവ് - ഇറ്റലിയുടെ ഫ്ലാവിയോ കോബോളി എന്നിവരാണ് കലാശപ്പോരാട്ടത്തിൽ മാറ്റുരക്കുന്നത് . ഇന്നലെ നടന്ന വനിതാ സിംഗിൾസിൽ റഷ്യൻ താരം മിറാ ആൻഡ്രെവ കിരീടം അണിഞ്ഞിരുന്നു.

&&&&&&&&&&&&&&&&

&&&&&&&&&&

&&&

RNU TVPM